# കാവ്യാശ്രുപൂജ

ഡോ.തനുജ ജി.

കാര്യസ്ഥതയ്ക്കും കവിതയ്ക്കുമൊട്ടു-
പൊരുത്തമില്ലെന്നു ശഠിച്ചിടുന്നോർ
വായിച്ചു നോക്കട്ടെ ഗുരോ, ഭവാന്റെ
ചരിത്രമാം നവ്യപുരാണരത്നം.
................................
..................................
മനീഷിമാർ ചൊൽവൂ: ഗുരോ ഭവാന്റെ
നിസ്സീമമധ്യാപന പാടവത്താൽ
പട്ടാമ്പിയിൽസ്സംസ്കൃതമുച്ചരിപ്പൂ
പച്ചക്കിളിക്കുഞ്ഞുങ്ങൾ പോലുമൊന്നായ്

—വിദ്വാൻ നമ്പ്യാരുവീട്ടിൽ നാരായണമേനോൻ

മലബാറിലെ നവോത്ഥാനപ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിരുന്നു ഒരു കാലത്ത് പട്ടാമ്പി. ആ നവോത്ഥാന പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടിയ മഹദ്വ്യക്തിത്വങ്ങളിൽ ഒരാളാണ് പുന്നശ്ശേരി ശ്രീ നീലകണ്ഠ ശർമ്മ. ബഹുമുഖപ്രതിഭയെന്നല്ലാതെ അദ്ദേഹത്തെപ്പറ്റി മറ്റൊന്നു പറയുക സാദ്ധ്യമല്ല. സാഹിത്യരചയിതാവ്, സാമൂഹ്യപ്രവർത്തകൻ, വിദ്യാഭ്യാസവിചക്ഷണൻ, പത്രപ്രവർത്തകൻ, ആയുർവ്വേദ ചികിത്സകൻ, സംഘാടകൻ, നവോത്ഥാനനായകൻ എന്നിങ്ങനെ പോകുന്നു അദ്ദേഹത്തെക്കുറിച്ചുള്ള വിശേഷണങ്ങൾ.അജ്ഞതയുടെ ഇരുട്ടിനെ അറിവിന്റെ വെളിച്ചം കൊണ്ട് ഇല്ലാതാക്കാൻ ശ്രമിച്ച ആ വലിയ മനുഷ്യൻ നടത്തിയ സാംസ്കാരിക പ്രവർത്തനങ്ങൾ എക്കാലത്തും ഓർമ്മിക്കപ്പെടേണ്ടതാണ്.വ്യക്തിജീവിതത്തെ തീർത്തും അപ്രധാനമാക്കിക്കൊണ്ട് മികച്ച ഒരു സാമൂഹിക ജീവിതം മുന്നോട്ടു കൊണ്ടുപോകാൻ അദ്ദേഹത്തിനു സാധിച്ചത് താൻ നേടിയ അറിവിന്റെ പിൻബലമൊന്നുകൊണ്ടു മാത്രമാണ്. സംസ്കൃതഭാഷയെ

കൂട്ടതൽ ജനകീയവും ഉന്മിഷത്തുമാക്കുക എന്ന ലക്ഷ്യത്തോടെ അദ്ദേഹം ആരംഭിച്ച 'വിജ്ഞാനചിന്താമണി' എന്ന പത്രത്തിലെ മുഖപ്രസംഗങ്ങൾ സംസ്കൃതഭാഷയെ കൂട്ടതൽ ജീവസ്സുറ്റതാക്കിത്തീർത്തു.വൈദ്യശാല, പരസ്പര സഹായസഹകരണസംഘം, നെയ്ത്തുശാല,ബാങ്ക്, തുടങ്ങി സമൂഹത്തിന്ന തകുന്നവിധത്തിലുള്ള നിരവധി സംരംഭങ്ങളുടെ അമരക്കാരനായിരുന്ന പുന്നശ്ശേരി നമ്പി. മദിരാശിസർവ്വകലാശാലാ ബോർഡ് ഓഫ് സ്റ്റഡീസ് അംഗമായിരുന്ന അദ്ദേഹത്തിന് മഹരാജാക്കന്മാർ ഉൾപ്പെടെയുള്ള നിരവധി പ്രമുഖരും പ്രതിഭാശാലികളുമായ വ്യക്തികളുമായി അടുത്ത ബന്ധമുണ്ടായിരുന്നു.

അദ്ദേഹം തന്റെ നാടിനുവേണ്ടി ചെയ്ത സേവനങ്ങളിൽ ഏറ്റവും മികച്ചതായി കാണേണ്ടത് സ്വവസതിയിൽ അദ്ദേഹം സ്ഥാപിച്ച 'സാരസ്വതോദ്യോതിനി' പാഠശാലയാണ്.സരസ്വതിക്ക് തീണ്ടലില്ല എന്നു പ്രഖ്യാപിച്ചുകൊണ്ട് ദേവഭാഷയെന്ന കേളികേട്ട സംസ്കൃതത്തെ അവർണരെന്നു കരുതിപ്പോന്ന ജനതയ്ക്കുകൂടി പകർന്നുനല്കിയത് അദ്ദേഹം നടത്തിയ വലിയ വിപ്ലവം തന്നെയാണ്. വളരെ പണിപ്പെട്ടാണെങ്കിലും സംസ്കൃതപാഠശാലകൾക്ക് ഗവണ്മെന്റിൽനിന്ന് ധനസഹായം നേടിയെടുക്കു ന്നതിൽ അദ്ദേഹം വിജയിച്ചു. അങ്ങനെ മലയാള സാഹിത്യചരിത്രത്തിൽ അടയാളപ്പെട്ട നിരവധി പണ്ഡിതന്മാർക്ക് അറിവിന്നുറവിടമായി മാറിയ സാരസ്വതോദ്യോതിനി പാഠശാല 1911-ജൂൺ മൂന്നു മുതൽ കോളേജായി മാറി.ശതാബ്ദങ്ങൾക്കു ശേഷം ആ പാഠശാല ശ്രീ നീലകണ്ഠ ഗവണ്മെന്റ് സംസ്കൃത കോളേജ് എന്ന പേരിൽ കേരളത്തിലെ അറിയപ്പെടുന്ന കലാ ലയങ്ങളിലൊന്നായി മാറിയിരിക്കുന്നു.സംസ്കൃതം സർവ്വ ഭാഷകൾക്കും മാതൃസ്ഥാനം വഹിക്കേണ്ടതാണെന്നു കരുതിയ പുന്നശ്ശേരി, കേരളത്തി നകത്തും പുറത്തും നടന്ന ശാസ്ത്രസദസ്സുകളിൽ അതീവ ഗഹനങ്ങളായ വിഷയങ്ങളെക്കുറിച്ചു നടത്തിയ പ്രസംഗങ്ങൾ അദ്ദേഹത്തിന്റെ പ്രശസ്തി വർദ്ധിപ്പിച്ചു.കർമ്മനിരതനും വാഗ്മിയുമായ ആ ഗുരു താൻ ജീവിച്ച എഴു പത്തിയേഴുവർഷത്തിന്റെ മുക്കാൽപങ്കിൽക്കൂടുതലും സംസ്കൃതവിദ്യാഭ്യാസ പ്രചാരണത്തെ ജീവിതലക്ഷ്യമായിക്കണ്ട് മുന്നോട്ടുപോവുകയാണു ചെയ്തത്. കർമനിരതമായ സ്വജീവിതം ലോകത്തിനു മുന്നിൽ മാതൃകയായി അവശേ ഷിപ്പിച്ചുകൊണ്ട് 1936-ൽ പുന്നശ്ശേരി നമ്പി നീലകണ്ഠ ശർമ്മ അന്തരിച്ചു. നാനാജാതിമതസ്ഥരായ ശിഷ്യസമ്പത്തിന് തന്റെ കർമ്മമേഖല കൈമാ റിക്കൊണ്ടാണ് അദ്ദേഹം കാലത്തിനു വഴിമാറിക്കൊടുത്തത്.

നീലകണ്ഠശർമ്മയുടെ മരണം അദ്ദേഹത്തിന്റെ സുഹൃത്തുക്കളും ശിഷ്യന്മാരുമായ പണ്ഡിതലോകത്തെ വല്ലാതെ ഉലച്ചു. അവരുടെ അശ്രുപൂജയാണ് 'നിവാപാഞ്ജലി' എന്ന കാവ്യസമാഹാരം. ശർമ്മയുടെ മരണത്തെത്തുടർന്ന് ഇല്ലത്തേയ്ക്കുവന്ന അനുശോചനക്കത്തുകൾക്കിടയിൽ

കണ്ട പദ്യങ്ങളാണ് അദ്ദേഹത്തിന്റെ പ്രിയശിഷ്യരിലൊരാളായ അച്ചുതത്ത് വാസുദേവൻ മൂസ്സതിനെ പുതിയൊരാശയത്തിലേക്ക് നയിച്ചത്. പദ്യരൂപത്തിലുള്ള അനുശോചന സന്ദേശങ്ങളുടെ സമാഹാരം ഗുരുസ്മരണയ്ക്കായി അർപ്പിക്കണമെന്ന ആശയത്തിൽ നിന്നാണ് 'നിവാപാഞ്ജലി' എന്ന കൃതിയുടെ പിറവി. മലയാളത്തിലെ മാന്യകവികളോട് ചരമപദ്യങ്ങൾ അയച്ചുതരുവാൻ ആവശ്യപ്പെട്ടുകൊണ്ട് പ്രമുഖ പത്രങ്ങളിൽ വിജ്ഞാപനം കൊടുക്കുകയും പലരോടും നേരിട്ട് ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹത്തിന്റെ ശ്രമം ഫലം കണ്ടു. പുന്നശ്ശേരിനമ്പിയുടെ പ്രഭാവം വെളിപ്പെടും മട്ടിൽ നിരവധി പദ്യങ്ങൾ ലഭിച്ചു. കവികളും പണ്ഡിതന്മാരും ഗുരുവിന്റെ ശിഷ്യരും ജ്യോതിഷികളുമൊക്കെ കവിതകൾ അയച്ച കൂട്ടത്തിലുണ്ടായിരുന്നു. ഈ പദ്യങ്ങളൊക്കെ ഒന്നിച്ചുചേർത്ത്, സ്ഥലപരിമിതിയാൽ ചിലതൊക്കെ ഉപേക്ഷിച്ച് 'നിവാപാഞ്ജലി' എന്ന കാവ്യസമാഹാരം നീലകണ്ഠശർമ്മയുടെ ജീവചരിത്രത്തോടെ പുറത്തിറക്കി. അച്ചുതത്ത് വാസുദേവൻ മൂസ്സത് പ്രസാധകനായ ഈ ഗ്രന്ഥം കൊല്ലവർഷം 1111-ൽ കുന്ദംകുളം പഞ്ചാംഗം പ്രസ്സിൽ നിന്നാണ് പ്രസിദ്ധീകരിച്ചത്.